ഉത്തരം

(എ) ചാലിയം സംയുക്ത മൽസ്യത്തൊഴിലാളി യൂണിയൻ ഭാര വാഹികൾ സമർപ്പിച്ച ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മൽസ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച യഥാർത്ഥ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ എല്ലാപേരെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘ നിയമമനുസരിച്ചാണ് ഇത് ചെയ്യുന്നത്.

കെ. എൽ. ഡി. എം. എം. ബോർഡിന്റെ പ്രവർത്തനം

1565. [2333] ശ്രീ. കെ. മൂസ്സക്കുട്ടി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എൽ. ഡി. എം. എം. ബോർഡിന്റെ പ്രവർത്തനത്തിൽ ഇപ്പോൾ ഗവൺമെന്റിന്റെ നിയന്ത്രണം ഉണ്ടോ ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള നിയന്ത്രണം ;

(സി) കെ. എൽ. ഡി. എം. എം. ബോർഡിനെ ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനു കാരണമെന്ത് ;

(ഇ) പ്രസ്തുത ബോർഡിനെ ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെ നിലവിലുള്ള തൊഴിലാളികൾ എതിർത്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ അവർ ഉന്നയിക്കുന്ന കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1956-ലെ കമ്പനീസ് ആക്ടനുസരിച്ചുള്ള നിയന്ത്രണം.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ഡി) വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നും ഇപ്പോൾ ബോർഡ് കൈകാര്യം ചെയ്യുന്നില്ല. ആകയാൽ ബോർഡു ഒരു കമ്പനിയായി തുടരുന്നതിൽ ബുദ്ധിമുട്ടുണ്ട്. ബോർഡ് നടത്തിപ്പോരുന്ന പദ്ധതികൾ കൂടുതൽ വൈദഗ്ദ്ധ്യത്തോടുകൂടി നടത്തികൊണ്ടു പോകുന്നതിന് അതിനെ സ്വതന്ത്ര പ്രവർത്തനാധികാരമുള്ള ഒരു പൂർണ്ണ സർക്കാർ നിയന്ത്രിത സ്ഥാപനമാക്കുന്നത് പ്രയോജനപ്രദമായിരിക്കും.

(ഇ) തൊഴിലാളി സംഘടനകൾ ഇതു സംബന്ധിച്ചു ചില നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്) തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾക്കു പ്രതികൂലമായ മാറ്റം ഉണ്ടാകുമെന്ന ആശങ്കയാണ് കാരണം.

സ്വിസ് ഗവൺമെന്റിന്റെ സഹായത്തോടു കൂടി ഡയറി യൂണിറ്റുകൾ

1566. [2334] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സ്വിസ് ഗവൺമെന്റിന്റെ സഹായത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം കിട്ടിയിട്ടില്ല.

(ബി) കേന്ദ്രഗവൺമെൻറുമായി കത്തു മുഖാന്തിരവും ചർച്ചകൾ മുഖേനയും അനുമതിക്കായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തുകൾ

1567. [2335] ശ്രീ. സി.ടി കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര പഞ്ചായത്തുകളുണ്ട് ;

(ബി) ഓരോ ഗ്രേഡിലുമുള്ള പഞ്ചായത്തുകൾ എത്ര ;

(സി) 1985-86-ൽ പഞ്ചായത്തുകൾക്കായി ആകെ എത്ര തുക സാമ്പത്തികസഹായമായി സർക്കാർ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 1001 പഞ്ചായത്തുകൾ.

(ബി)

സ്പെഷ്യൽ ഗ്രേഡ്	350
ഒന്നാം ഗ്രേഡ്	435
രണ്ടാം ഗ്രേഡ്	202
മൂന്നാം ഗ്രേഡ്	14

(സി) വിവരം ശേഖരിച്ചു വരുന്നു.

പഞ്ചായത്ത് ഫണ്ടിൻെറ ദുർവിനിയോഗം

1568. [2336] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് മേധാവികളുടെ ഫണ്ട് ദുർവിനിയോഗത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ കേന്ദ്രമാക്കിയിട്ടുള്ള പഞ്ചായത്ത് ട്രെയിനിംഗ് സെൻറിനുവേണ്ടി എല്ലാ പഞ്ചായത്തുകളും 10,000 രൂപ വീതം നല്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(സി) റൂറൽ വെൽഫെയർ സംഘത്തിനുവേണ്ടി 5,000 രൂപ വീതം എല്ലാ പഞ്ചായത്തുകളും നല്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(ഡി) പഞ്ചായത്ത് സമിതിക്കുവേണ്ടി 125 രൂപ വീതം എല്ലാ പഞ്ചായത്തുകളും പിരിച്ച് നല്കണമെന്നുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

(ഇ) പഞ്ചായത്തു മേധാവികളുടെ പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം നിറുത്തൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly